⇨ *വനങ്ങൾ ഇന്ന് വലിയതോതിൽ മനുഷ്യാവശ്യങ്ങൾക്കായി മാറ്റപ്പെടുന്നുണ്ട്* ⇨

# മനുഷ്യ-വന്യജീവി സംഘർഷങ്ങൾ കേരളത്തോട് പറയുന്നതെന്ത്?

മനുഷ്യാവശ്യങ്ങൾക്കായി ഉപയോഗിക്കുന്ന ഭൂപ്രദേശങ്ങളുടെ വിസ്തൃതി ക്രമാതീതമായി കൂടുമ്പോൾ വന്യജീവികളുടെ അതിജീവനത്തിന് ആവശ്യമായ ആവാസവ്യവസ്ഥകൾ പരിമിതപ്പെട്ടുകൊണ്ടിരിക്കുകയാണ് എന്ന യാഥാർത്ഥ്യത്തിൽ ഊന്നിക്കൊണ്ട് മാത്രമേ കേരളത്തിലുടനീളം സംഭവിക്കുന്ന മനുഷ്യ–വന്യ ജീവി സംഘർഷങ്ങളെ മനസ്സിലാക്കാൻ കഴിയൂ.

**റംസീന ഉമൈബ**

**കേരളത്തിലെ** വനാതിർത്തി ഗ്രാമങ്ങളിൽ വന്യജീവികളുടെ സാന്നിധ്യവും അതു സൃഷ്ടിക്കുന്ന സംഘർഷങ്ങളും അസാധാരണമാംവിധം വർദ്ധിച്ചിരിക്കുകയാണ്. കടുവയും ആനയുമെല്ലാം കാടിറങ്ങി വരുന്നു എന്ന പരാതിയാലാണ് നാട്ടുകാർ ഈ വിഷയത്തെ സമീപിക്കുന്നതും നേരിടുന്നതും. എന്നാൽ വന്യമൃഗങ്ങൾ കാടിറങ്ങി നാട്ടിലേക്ക് വരുകയാണോ, അതോ നാട് കാട്ടിലേക്ക് കയറിപ്പോവുകയാണോ ചെയ്തത് എന്ന അടിസ്ഥാന ചോദ്യത്തിൽ നിന്നാണ് മനുഷ്യ-വന്യജീവി സംഘർഷങ്ങളെക്കുറിച്ചുള്ള അന്വേഷണങ്ങൾ ആരംഭിക്കേണ്ടത്. ഈ ചോദ്യം സ്വയം ചോദിക്കാൻ ബാധ്യസ്ഥരായ മനുഷ്യർ, ഇത്തരം ചോദ്യങ്ങളുന്നയിക്കാൻ ശേഷിയില്ലാത്ത മൃഗങ്ങളെ പ്രതിസ്ഥാനത്ത് നിർത്തി നടത്തുന്ന പ്രകടനങ്ങൾ ഈ സംഘർഷത്തെ ഒരർത്ഥത്തിലും ലഘൂകരിക്കാൻ പോകുന്നില്ല. എവിടെയാണ് പിഴവുകൾ സംഭവിച്ചതെന്ന് വിലയിരുത്താനും അതനുസരിച്ച് ജീവിതത്തെ ക്രമപ്പെടുത്താനും സഹജപ്രാപ്തിയുള്ള മനുഷ്യർ, വന്യമായ വഴക്കങ്ങൾ മാത്രമറിയുന്ന മൃഗങ്ങളുടെ വീക്ഷണകോണിൽക്കൂടിയും കാര്യങ്ങളെ കാണാൻ ശ്രമിക്കുക എന്നത് പ്രശ്നപരിഹാരത്തിൽ അനിവാര്യമായിരിക്കുന്നു. പക്ഷെ, ഈ വസ്തുത അഭിമുഖീകരിക്കാൻ സന്നദ്ധമാകാത്ത നിലവിലെ പരിഹാരമാർഗ്ഗങ്ങൾ—കറണ്ട്വേലി മുതൽ കന്മതിൽ വരെ—ദുർബലവും അസ്ഥിരവുമാണെന്ന് അനുഭവങ്ങൾ തെളിയിച്ചുകൊണ്ടിരിക്കുകയാണ്. പരിധികളില്ലാത്ത വികസനം ഭൂവിസ്തൃതിയുടെ പരിമിതികളെ പരിഗണിക്കാതെ വന്നതോടെ വനങ്ങൾ ഇന്ന് വലിയതോതിൽ മനുഷ്യാവശ്യങ്ങൾക്കായി മാറ്റപ്പെടുന്നുണ്ട്. ആഗോളമായ ഈ പ്രതിഭാസത്തിന്റെ പ്രതിഫലനങ്ങൾ അത്ര വലിയ തോതിലല്ലെങ്കിലും കേരളത്തിലെ പശ്ചിമഘട്ട മേഖലയിലും വളരെ പ്രകടമാണ്. വനത്തോട്ടങ്ങളുടെയും കൃഷിഭൂമിയുടെയും വിപുലീകരണവും വൻ വികസന പദ്ധതികൾക്കായുള്ള തെളിക്കലും വനനിബിഡതയുടെ സാന്ദ്രത കുറച്ചുകൊണ്ടിരിക്കുന്നു. ഒപ്പം കാലാവസ്ഥാ വ്യതിയാനത്തിന്റെ ഭാഗമായി സൃഷ്ടിക്കപ്പെടുന്ന പ്രവചനാതീതമായ പ്രതിസന്ധികളും (വരൾച്ചയും, അതിവൃഷ്ടിയും) കാനനക്രമത്തിന്റെ താളത്തിന് ഭംഗം വരുത്തുന്നു. ഈ അപകടസന്ധിയുടെ ആഴം നമുക്ക് വ്യക്തമാക്കിത്തരുന്ന ഒരു ദുരന്തമായിത്തന്നെ മനുഷ്യ-വന്യജീവി സംഘർഷങ്ങളെ കാണാൻ കഴിയണം. വാസസ്ഥലങ്ങൾ മൃഗങ്ങൾക്കുമുണ്ടെന്നും, അത് മനുഷ്യരുടേതുപോലെ മതിലുകെട്ടിത്തിരിച്ച കുടിപ്പാർപ്പുകള

ല്ലെന്നും മനസ്സിൽ ഉറപ്പിച്ചുകൊണ്ട് വിഷയത്തിലേക്ക് കടക്കാം.

മനുഷ്യാവശ്യങ്ങൾക്കായി ഉപയോഗിക്കുന്ന ഭൂപ്രദേശങ്ങളുടെ വിസ്തൃതി ക്രമാതീതമായി കൂടുമ്പോൾ വന്യജീവികളുടെ അതിജീവനത്തിന് ആവശ്യമായ ആവാസവ്യവസ്ഥകൾ പരിമിതപ്പെട്ടുകൊണ്ടിരിക്കുകയാണ് എന്ന യാഥാർത്ഥ്യത്തിൽ ഊന്നിക്കൊണ്ട് മാത്രമേ കേരളത്തിലുടനീളം സംഭവിക്കുന്ന മനുഷ്യ-വന്യജീവി സംഘർഷങ്ങളെ മനസ്സിലാക്കാൻ കഴിയൂ. വഹനശേഷി പരിഗണിക്കാതെ നടക്കുന്ന വികസന പ്രവർത്തനങ്ങളാണ് വന്യമൃഗങ്ങളുടെ ആവാസവ്യവസ്ഥ തകർക്കപ്പെടുന്നതിനുള്ള മുഖ്യകാരണം. അതിരുകളില്ലാതെ വിഹരിച്ചിരുന്ന ഭൂമിക വെട്ടിച്ചുരുക്കപ്പെട്ടതോടെ ഭക്ഷണദൗർലഭ്യം, ജലക്ഷാമം, സഞ്ചാരപാതാശോഷണം, ഇണചേരാനുള്ള അവസരങ്ങളുടെ അപര്യാപ്തത തുടങ്ങിയ നിരവധി പ്രതിസന്ധികളെ വന്യജീവികൾക്ക് നേരിടേണ്ടതായിവന്നു. നിശ്ചിത പരിധിയ്ക്കു പുറത്തേക്കുള്ള സഞ്ചാര സ്വാതന്ത്ര്യവും ജീവിതക്രമങ്ങളും നഷ്ടപ്പെട്ടതിന്റെ അമർഷമാണ് മനുഷ്യവാസകേന്ദ്രങ്ങളിലേക്ക് വന്യജീവികൾ കാടിറങ്ങി വരുന്നതിന് ഒരു പ്രധാന കാരണം. വനവിഭവചൂഷണവും കാലാവസ്ഥാവ്യതിയാനവും കാട്ടിനുള്ളിലെ ഭക്ഷ്യ-ജലലഭ്യതയെ പരിമിതപ്പെടുത്തിയിട്ടുണ്ട്. കഴിഞ്ഞ വേനൽക്കാലത്ത് വയനാട് ജില്ലയുമായി അതിരുപങ്കിടുന്ന ബന്ദിപ്പൂർ നാഷണൽ പാർക്കിനുള്ളിലൂടെയൊഴുകുന്ന കബനി നദി വറ്റിവരണ്ടുപോയത് എല്ലാ കാട്ടുമൃഗങ്ങളെയും രൂക്ഷമായി ബാധിച്ചതിന്റെ ചിത്രങ്ങൾ നമ്മൾ കണ്ടതാണ്. ഡക്കാൺ പീഠഭൂമിയോട് ചേർന്നു കിടക്കുന്നതിനാൽ ബന്ദിപ്പൂരിൽ വേനലിന്റെ കാഠിന്യം കൂടും എന്നത് വസ്തുതയാണെങ്കിലും സമീപചരിത്രത്തിലൊന്നും ഇല്ലാത്ത തരത്തിലുള്ള ഊഷരതയിലൂടെയാണ് ഈ കാടുകൾ കടന്നുപോയത്. ബന്ദിപ്പൂരിനോട് ചേർന്നു കിടക്കുന്ന വയനാട് വന്യജീവിസങ്കേതത്തിന്റെയും സ്ഥിതി സമാനമായിരുന്നു. ശരിക്കും ഒരു ദുരന്ത നിവാരണ സേന ചെയ്യുന്നത്രയും ഭീമമായ തോതിലുള്ള ഇടപെടലുകൾ വനം വകുപ്പ് ഉദ്യോഗസ്ഥർക്ക് ഈ മേഖലയിൽ കഴിഞ്ഞ വേനൽകാലത്ത് ചെയ്യേണ്ടിവന്നിട്ടുണ്ട്. ഇത്തരം പുതിയ പ്രതിസന്ധികളെ നേരിടുന്നതിനുള്ള സാങ്കേതികമായ പിന്തുണകളില്ലാതിരിന്നിട്ടും വനം വകുപ്പ് പ്രശ്നപരിഹാരങ്ങൾക്ക് ശ്രമിച്ചു എന്നത് വസ്തുതയാണ് (കാട്ടുതീ തടയൽ മുതൽ കൃത്രിമ തടാകങ്ങൾ നിർമ്മിച്ച് അതിൽ വെള്ളം നിറയ്ക്കൽ വരെ). എന്നിരുന്നാലും അതൊന്നും മനുഷ്യ-വന്യജീവി സംഘർഷങ്ങൾ കുറയുന്നതിന് കാരണമായിത്തീർന്നില്ല എന്നാണ് വയനാട്ടിൽ നിന്നും വരുന്ന വാർത്തകൾ വ്യക്തമാക്കുന്നത്. ജില്ലയിൽ മൺസൂൺ ദുർബലമാവുക കൂടി ചെയ്തതോടെ ഈ വേനൽക്കാലം കഴിഞ്ഞനാളുകളേക്കാൾ വലിയ ദുരിതങ്ങളാണ് മനുഷ്യർക്കും വന്യമൃഗങ്ങൾക്കും നൽകാൻ പോകുന്നതെന്ന് ഉറപ്പായിക്കഴിഞ്ഞു. വനവിസ്തൃതി കൂടുതലുള്ള വയനാട് ജില്ലയിൽ മാത്രമല്ല സംഘർഷം രൂക്ഷമാകുന്നത്. പശ്ചിമഘട്ട മേഖലയിലുടനീളം ജനവാസകേന്ദ്രങ്ങളിലേക്ക് വന്യമൃഗങ്ങൾ ഇറങ്ങിവരുന്നത് പതിവായിരിക്കുകയാണ്. ആറളം, അട്ടപ്പാടി, മണ്ണാർക്കാട്, മലക്കപ്പാറ, നിലമ്പൂർ, മറയൂർ, ചിന്നക്കനാൽ, തുടങ്ങിയ താരതമ്യേന ഉയർന്ന ജനസാന്ദ്രതയുള്ള പല സ്ഥലങ്ങളിലും വന്യജീവികളുടെ സാന്നിദ്ധ്യം പതിവായിത്തീർന്നിരിക്കുന്നു.

കുടിയേറ്റ കർഷകർ മുതൽ കോളനികളിൽ കഴിയുന്ന ആദിവാസികൾ വരെയുള്ള സമൂഹത്തിലെ വിവിധ ജനവിഭാഗങ്ങൾക്ക് പല തീവ്രതകളിൽ ഈ പ്രശ്നം അഭിമുഖീകരിക്കേണ്ടതായി വരുന്നുണ്ട്. പുൽപ്പള്ളി പോലെയുള്ള ഒരു പ്രദേശത്ത് കുടിയേറ്റ കർഷകരുടെ കൃഷി നശിക്കുകയും ആറളം പോലെ ആദിവാസികളെ പുനരധിവസിപ്പിച്ച സ്ഥലങ്ങളിൽ പലർക്കും ജീവൻ വരെ നഷ്ടമാവുകയും ചെയ്യുന്ന തരത്തിൽ പല അടരുകളുള്ള ഒരു പ്രശ്നമാണിത്. എന്നിട്ടും വനം വകുപ്പോ സർക്കാർതന്നെയോ ഈ സങ്കീർണ്ണ സാഹചര്യത്തെ നേരിടാൻ പുതിയതായി ഒരു പദ്ധതികളും ആവിഷ്കരിച്ചിട്ടില്ല എന്നത് ആശങ്ക വർദ്ധിപ്പിക്കുന്ന സംഗതിയാണ്. വനം വകുപ്പ് ഇക്കാര്യത്തിൽ അവലംബിക്കാൻ പോകുന്ന പദ്ധതികളെക്കുറിച്ച് നിയമസഭയിൽ വനം മന്ത്രി നൽകുന്ന വിശദീകരണങ്ങളിൽ നിന്നും സർക്കാരിന് ഈ വിഷയത്തിന്റെ സങ്കീർണ്ണതയെ നേരിടാൻ പര്യാപ്തമായ നയപരിപാടികളൊന്നുമില്ല എന്നത് വ്യക്തമാണ്. നിലവിലുള്ളവയെല്ലാം ദയനീയമായി പരാജയപ്പെട്ടുകൊണ്ടിരിക്കുകയുമാണ്. വനാതിർത്തി ഗ്രാമങ്ങളിലെ ജനങ്ങളുടെ സന്ദേഹത്തെ സങ്കുചിത താത്പര്യങ്ങൾക്കായി ഉപയോഗപ്പെടുത്താൻ നടക്കുന്ന മാഫിയകളും വനംവകുപ്പിന് എതിരായി ജനവികാരം രൂപപ്പെടുത്തുന്നതിനുള്ള മാർഗ്ഗമായി മാത്രമാണ് മനുഷ്യ-വന്യജീവി സംഘർഷത്തെ കാണുന്നത്. സാമൂഹിക ജീവിതത്തെ പലതലങ്ങളിൽ ബാധിക്കുന്ന ഒരു പ്രശ്നം ഇത്തരത്തിൽ കുഴഞ്ഞുമറിയുന്ന സാഹചര്യത്തിൽ പൊതുസമൂഹത്തിന്റെ ശ്രദ്ധയും ഇടപെടലുകളും അത്യന്താപേക്ഷിതമായിരിക്കുന്നു. എന്താണ് നമുക്ക് ഇക്കാര്യത്തിൽ




ചെയ്യാൻ കഴിയുന്നത്? ആദ്യം വേണ്ടത് മനുഷ്യ-വന്യജീവി സംഘർഷങ്ങൾ വർദ്ധിക്കുന്നതിനുള്ള കൃത്യമായ കാരണങ്ങളിലേക്ക് മുൻവിധികളില്ലാതെ ഇറങ്ങിച്ചെല്ലുക എന്നതാണ്.

**പ്രശ്നങ്ങളുടെ തുടക്കം**

അനധികൃത മരംമുറിക്കൽ, യൂക്കാലിപ്റ്റസ്, തേക്ക് എന്നീ ഏകവിളത്തോട്ടങ്ങളുടെ വർദ്ധനവ്, ഖനനം, അണക്കെട്ട് നിർമ്മാണം തുടങ്ങിയ മാനുഷിക പ്രവർത്തനങ്ങൾ പശ്ചിമഘട്ടത്തിലെ സ്വാഭാവിക വനപരിസ്ഥിതിയെ തകിടംമറിക്കാൻ തുടങ്ങിയിട്ട് പതിറ്റാണ്ടുകൾ പിന്നിട്ടിരിക്കുന്നു. ഈ ഇടപെടലുകൾ കൂടാതെ മാൻ, മുയൽ, മയിൽ തുടങ്ങിയ ജീവികളുടെമേൽ നടത്തുന്ന അമിതമായ വേട്ടയാടലുകളും തൊലി, പല്ല്, കൊമ്പ്, തൂവൽ തുടങ്ങിയവയ്ക്കായുള്ള വന്യജീവിക്കച്ചവടങ്ങളും വനത്തിനുള്ളിലെ ജീവശ്രേണിയ്ക്ക് വിഘാതം സൃഷ്ടിക്കുന്നുണ്ട്. ചുരുക്കത്തിൽ, കാട്ടുതീ, കാലിമേച്ചിൽ, തടിമോഷണം, അശാസ്ത്രീയമായ മരംമുറിക്കൽ തുടങ്ങിയ രൂക്ഷമായ ഇടപെടലുകൾമൂലം വനമണ്ണ് നഷ്ടപ്പെട്ട് പുനരുത്പാദനരഹിതമായ, ഘടന നഷ്ടപ്പെട്ട, നിർജ്ജീവമായ വനങ്ങളാണ് കേരളത്തിൽ ഇന്ന് അവശേഷിക്കുന്നത് എന്നു പറയാം.

**കുടിയേറ്റം കാടിനോട് ചെയ്തത്**

1940കൾ മുതലാണ് കേരളത്തിലെ വിവിധ വനമേഖലകളിലേക്ക് വ്യാപകമായ കുടിയേറ്റവും കയ്യേറ്റവും ആരംഭിക്കുന്നത്. മുൻകൂട്ടി കണ്ടുവയ്ക്കുന്ന ഭൂമിയിൽ തീയിട്ട് ഘട്ടംഘട്ടമായി കൃഷിയിടമാക്കിമാറ്റുന്നതായിരുന്നു അന്നത്തെ പതിവ്. മത, രാഷ്ട്രീയ, സാമ്പത്തിക സ്വാധീനങ്ങൾ ഉപയോഗിച്ച് ഏക്കറുകണക്കിന് ഭൂമി വാങ്ങിക്കൂട്ടി, അവയ്ക്ക് പട്ടയം തരപ്പെടുത്തുന്ന പ്രക്രിയ വഴിയാണ് കേരളത്തിന്റെ വലിയൊരുഭാഗം വനഭൂമിയും അപ്രത്യക്ഷമായത്. ഇടുക്കി, അട്ടപ്പാടി, വയനാട് തുടങ്ങിയ മലപ്രദേശങ്ങളിലേക്കുള്ള കുടിയേറ്റം മരച്ചീനി, രാമച്ചം, ഇഞ്ചി, കാപ്പി, വാഴ, ഏലം തുടങ്ങിയ വിളകൾ അവിടെ വ്യാപകമാക്കി. ഏതാണ്ട് ഇരുപതിനായിരം ഹെക്ടർവരെ സ്വാഭാവിക വനങ്ങൾ ഓരോ വർഷവും ഇതിനായി വെട്ടിത്തെളിക്കപ്പെട്ടിരുന്നു. മലങ്കൃഷി സമ്പ്രദായം കേരളത്തിൽ നടത്തിക്കൊണ്ടിരിക്കുന്ന ചൂഷണങ്ങൾ തിരിച്ചറിഞ്ഞ ഭരണാധികാരികൾ ചില വനസംരക്ഷണ നടപടികൾ സ്വീകരിക്കാൻ നിർബന്ധിതരാവുകയും വനപ്രദേശങ്ങൾ ഒന്നൊന്നായി റിസർവ് വനങ്ങളായി പ്രഖ്യാപിച്ച് സംരക്ഷിക്കുക എന്നത് ആദ്യനടപടിയായി സ്വീകരിക്കുകയും ചെയ്തു.

1882ൽ മദ്രാസ് ഫോറസ്റ്റ് ആക്ട് നിലവിൽ വന്നുവെങ്കിലും ബ്രിട്ടീഷുകാരുടെ സ്ഥാപിത താത്പര്യങ്ങൾ സംരക്ഷിക്കുന്നതിനായി നിയമത്തിൽ പഴുതുകളുണ്ടാക്കി ഭൂരിഭാഗം വനങ്ങളും സ്വകാര്യവ്യക്തികളുടെ കൈവശംതന്നെ നിലനിർത്തി. കുടിയേറ്റം കേരളത്തിന്റെ ഭൂപരിസ്ഥിതിയിൽ പരിവർത്തനങ്ങൾ സൃഷ്ടിക്കാൻ തുടങ്ങിയത് ഇക്കാലത്താണ്. വനപരിസ്ഥിതിക്ക് പെട്ടെന്ന് നേരിട്ട ആഘാതം കണക്കിലെടുത്താണ് അനിയന്ത്രിതമായ വനനശീകരണം ഒഴിവാക്കുന്നതിനായി 1949ൽ ദി മദ്രാസ് പ്രിസർവേഷൻ ഓഫ് പ്രൈവറ്റ് ഫോറസ്റ്റ് ആക്ട് (MPPF Act) പാസ്സാക്കിയത്. ഈ നിയമപ്രകാരം സ്വകാര്യവനങ്ങൾ കൈമാറുന്നതോ സ്വകാര്യവനങ്ങളിൽനിന്നും മരങ്ങൾ

മുറിക്കുന്നതോ അതിന് മൂല്യശോഷണം സംഭവിക്കുന്ന രീതിയിൽ ഏതെങ്കിലും പ്രവർത്തനങ്ങൾ ചെയ്യുന്നതോ ബന്ധപ്പെട്ട ജില്ലാകളക്ടറുടെ മുൻകൂട്ടിയുള്ള അനുവാദത്തോടുകൂടിയായിരിക്കണം. 1963ൽ കേരള ഭൂപരിഷ്കരണ നിയമം(1/1964) സ്വകാര്യവനങ്ങളെ മാറ്റിനിർത്തിയിരുന്നുവെങ്കിലും ഏതു നിമിഷവും അത് സ്വകാര്യവനങ്ങളെക്കൂടി ബാധിക്കാമെന്ന ആശങ്ക ഭൂഉടമസ്ഥരെ വനങ്ങൾ വേഗത്തിൽ വെട്ടിനിരത്തുന്നതിനും കൃഷിഭൂമിയാക്കുന്നതിനും നിർബന്ധിച്ചു. ലഭ്യമായ മിച്ചഭൂമി കർഷകത്തൊഴിലാളികൾക്ക് തികയാതെ വന്നപ്പോൾ കാർഷിക പരിഷ്കരണത്തിന്റെ ഭാഗമായി സ്വകാര്യഭൂമി ഏറ്റെടുക്കാൻ സർക്കാരും നിർബന്ധിതരായി. അങ്ങനെ 1971ലെ കേരള പ്രൈവറ്റ് ഫോറസ്റ്റ് (വെസ്റ്റിംഗ് ആന്റ് അസൈൻമെന്റ്) ഓർഡിനൻസ് പുറപ്പെടുവിച്ചുകൊണ്ട് സംസ്ഥാനത്തെ സ്വകാര്യവനങ്ങൾകൂടി സർക്കാർ ഏറ്റെടുത്തു. എന്നാൽ ഇതിന്റെ ഭരണഘടനാപരമായ സാധ്യതകളെ ചോദ്യംചെയ്തുകൊണ്ട് ‘ഗ്വാളിയോർ റയോൺസ് സിൽക് മാനുഫാക്ചറിംഗ്(വീവിംഗ്) കമ്പനി ലിമിറ്റഡ്’ ഹൈക്കോടതിയെ സമീപിച്ചതിന്റെ അടിസ്ഥാനത്തിൽ സ്വകാര്യ വനനിയമം ഭരണഘടനാവിരുദ്ധമായി പ്രഖ്യാപിക്കപ്പെടുകയും ചെയ്തു. സംസ്ഥാനത്തെ വനപ്രദേശങ്ങൾ പൊതുവെ കൃഷിഭൂമികളായി കണക്കാക്കുവാൻ സാധ്യമല്ലെന്നും കാർഷിക പരിഷ്കരണത്തിന്റെ ഭാഗമാക്കരുതെന്നും ഹൈക്കോടതി തീർത്തു പറഞ്ഞു. ഇത് കൂടുതൽ മരങ്ങൾ മുറിക്കുന്നതിന് സ്വകാര്യവന ഉടമസ്ഥരെ പ്രോത്സാഹിപ്പിച്ചു. പ്രസ്തുത സാഹചര്യത്തിൽ കേരള സർക്കാർ സുപ്രീംകോടതിയെ സമീപിക്കുകയും 1973ലെ ഹൈക്കോടതി ഉത്തരവുപ്രകാരം പ്രതിഫലം നൽകാതെ വനഭൂമികൾ ഏറ്റെടുക്കുന്നത് ഭരണഘടനാവിരുദ്ധമല്ലെന്ന് സുപ്രീംകോടതി ചൂണ്ടിക്കാട്ടുകയും ചെയ്തു. അങ്ങനെയാണ് കേരള വനനിയമം പ്രാബല്യത്തിൽ വന്നത്.

വനങ്ങളുടെ അതിർത്തി സ്ഥിരമായി അടയാളപ്പെടുത്താതിരുന്നതാണ് വനം കൈയ്യേറ്റത്തിന് മുഖ്യമായും പ്രചോദനം നൽകിയത്. കേരള വനനിയമപ്രകാരം അതിരുകളിൽ സർവ്വേക്കല്ലുകൾ സ്ഥാപിച്ചിരുന്നെങ്കിൽക്കൂടിയും സ്ഥിരം ജണ്ടകൾ സ്ഥാപിക്കുവാനോ പുതിയ കൈയ്യേറ്റങ്ങൾ ഒഴിപ്പിക്കുവാനോ വനംവകുപ്പിന് കഴിയാതെപോയി എന്നതും കേരളത്തിൽ കയ്യേറ്റഭൂമിയുടെ വിസ്തൃതി വർദ്ധിക്കാൻ കാരണമായിത്തീർന്നു. കുടിയേറ്റവും കയ്യേറ്റവും തുടങ്ങിയിട്ട് ഒരു നൂറ്റാണ്ട് പിന്നിട്ടിട്ടും നിബിഡവനങ്ങൾ തെളിക്കപ്പെട്ടതിന്റെ പാരിസ്ഥിതിക അസന്തുലിതാവസ്ഥകൾ കേരളത്തിലുടനീളം അനുഭവപ്പെട്ടു തുടങ്ങിയിട്ട് അധികകാലമായിട്ടില്ല. വന്യജീവികൾക്ക് കാടിറങ്ങേണ്ടി വരുന്നതും ഈ തകർച്ചയുടെ ഒരു തുടർച്ചയായി തന്നെ വിലയിരുത്താം.

### വനത്തോട്ടങ്ങളുടെ വിപുലീകരണം

വനവിഭവങ്ങൾ ശേഖരിക്കാനും വിറകെടുക്കാനും കാലിമേയ്ക്കാനും കാടിനെ ആശ്രയിച്ചിരുന്ന ആദിവാസി ജനതയുടെ അവകാശങ്ങൾ നിഷേധിച്ചുകൊണ്ടാണ് കൊളോണിയൽ ശക്തികൾ വനത്തിന് മുകളിൽ അധികാരം സ്ഥാപിച്ചത്. തോട്ടങ്ങൾക്കും നാണ്യവിളകൾക്കും ഭൂമി ലഭ്യമാക്കുവാൻ കൊളോണിയൽ അധികാരികളും ജന്മികളും വനഭൂമി വലിയ തോതിൽ വെട്ടിവെളുപ്പിച്ചു. വന്യജീവികളുടെ ആവാസവ്യവസ്ഥയിൽ വലിയരീതിയിലുള്ള നഷ്ടമുണ്ടായത് ഈ തോട്ടവത്കരണത്തിലൂടെയാണ്. സ്വാതന്ത്ര്യാനന്തരവും സർക്കാരും വനംവകുപ്പും ഈ സമീപനം തുടരുകയായിരുന്നു. വനത്തെ സാമ്പത്തിക വർദ്ധനവിനുള്ള ഉപാധിയായി മാത്രം കണ്ടിരുന്ന വനപരിപാലന പദ്ധതികളാണ് കേരള വനംവകുപ്പിന് ആദ്യനാളുകളിലുണ്ടായിരുന്നത്. പശ്ചിമഘട്ട മലനിരകളിലെ നിത്യഹരിതവനങ്ങളിൽ നിന്നും ആയിരകണക്കിനേക്കർ ഭൂമിയാണ് ഓരോ വർഷവും തോട്ടം വിപുലീകരണത്തിനായി മാത്രം വനംവകുപ്പ് വെട്ടിവെളുപ്പിച്ചെടുത്തിരുന്നത്. ആദ്യകാലങ്ങളിൽ തേക്ക്, കാപ്പി, തേയില, ഇഞ്ചി, ഏലം തുടങ്ങിയ നാണ്യവിളകൾക്കായും പിന്നീട് യൂക്കാലി, അക്വേഷ്യ, മഹാഗണി തുടങ്ങിയ ഏകവിള തോട്ടങ്ങൾക്കായും ഭൂരിഭാഗം വനമേഖലകളും നിരത്തപ്പെട്ടു. നൈസർഗിക വനങ്ങൾ പിഴുതുമാറ്റി സാമൂഹ്യവനവത്കരണ പദ്ധതിയെന്ന ലേബലിൽ കൂടുതൽ വിദേശ വൃക്ഷങ്ങൾ നടുകയും ചെയ്തു. വളരെ ചുരുങ്ങിയ കാലയളവിനുള്ളിൽ ഈ സസ്യങ്ങൾ മണ്ണിലെ ജലാംശം ഊറ്റിയെ

വനത്തെ സാമ്പത്തിക വർദ്ധനവിനുള്ള ഉപാധിയായി മാത്രം കണ്ടിരുന്ന വനപരിപാലന പദ്ധതികളാണ് കേരള വനംവകുപ്പിന് ആദ്യനാളുകളിലുണ്ടായിരുന്നത്. പശ്ചിമഘട്ട മലനിരകളിലെ നിത്യഹരിതവനങ്ങളിൽ നിന്നും ആയിരകണക്കിനേക്കർ ഭൂമിയാണ് ഓരോ വർഷവും തോട്ടം വിപുലീകരണത്തിനായി മാത്രം വനംവകുപ്പ് വെട്ടിവെളുപ്പിച്ചെടുത്തിരുന്നത്.



പാലക്കാട് മുണ്ടൂരിലെ ജനവാസമേഖലയിൽ ദിവസങ്ങളോളം കറങ്ങി നടന്ന കാട്ടാന

ടുക്കുകയും ഹരിതവനങ്ങളെ കൊടും വരൾച്ചയിലേക്ക് തള്ളിവിടുകയും ചെയ്തു. കാടിന്റെ ജൈവികത നഷ്ടപ്പെട്ടു തുടങ്ങുന്നുവെന്ന് വനം വകുപ്പ് തിരിച്ചറിഞ്ഞപ്പോൾ ഏറെ വൈകിയിരുന്നു. വനം വകുപ്പിന്റെ തോട്ടങ്ങൾ കൂടാതെ കേരളത്തിലെ വനപ്രദേശങ്ങളുടെ വലിയൊരു ഭാഗം സ്വകാര്യതോട്ടങ്ങളും കൈവശപ്പെടുത്തിയിരിക്കുന്നു. ടാറ്റ, ഹാരിസൺ മലയാളം തുടങ്ങിയ കുത്തകകൾ കൈയ്യടക്കി വെച്ചിരിക്കുന്ന ഏക്കറു കണക്കിന് തോട്ടങ്ങൾ ഒരു കാലത്ത് നൈസർഗിക വനങ്ങളായിരുന്നു. മൂന്നാർ പോലെയുള്ള പ്രദേശത്ത് ടാറ്റയുടെ പല തോട്ടങ്ങൾക്കിടയിലായി സ്വാഭാവിക വനം മുറിഞ്ഞുപോയിരിക്കുന്നു. തേയില ഫാക്ടറികളിലേക്ക് ആവശ്യമായ വിറകുമരം കൃഷി ചെയ്യുന്നതിന്റെ ഭാഗമായി വനം വെട്ടിത്തെളിച്ച് ഇവർ ഗ്രാൻഡിസ് പോലെയുള്ള മരങ്ങൾ ധാരാളം വച്ചുപിടിപ്പിച്ചിട്ടുമുണ്ട്. എസ്റ്റേറ്റിലെ തൊഴിലാളികൾക്ക് കൂലിക്ക് പകരമായി വിറക് കൊടുക്കുന്ന രീതി വരെ ടാറ്റയുടെ തോട്ടങ്ങളിൽ നിലനിൽക്കുന്നുണ്ട്. ഇത്തരത്തിൽ നാണ്യവിളകളെ പ്രോത്സാഹിപ്പിക്കുന്നതിനും ദേശീയ വരുമാനം വർദ്ധിപ്പിക്കുന്നതിനും വേണ്ടി നടത്തിയ തോട്ടവത്കരണം തിരിച്ചുപിടിക്കാൻ കഴിയാത്തവിധം പശ്ചിമഘട്ടത്തിന്റെ പാരിസ്ഥിതിക വ്യവസ്ഥയെ ശിഥിലമാക്കി. വന്യജീവികൾ കാടു വിട്ടറങ്ങേണ്ടി വരുന്നതിന് പിന്നിൽ ഈ തോട്ടങ്ങൾ വഹിക്കുന്ന പങ്ക് തിരിച്ചറിഞ്ഞുകൊണ്ട് എന്താണ് ഇക്കാര്യത്തിൽ ചെയ്യാൻ കഴിയുന്നത് എന്ന് ആലോചിക്കണം.

### സസ്യങ്ങളുടെ അധിനിവേശം

വിവേചനരഹിതമായി മരങ്ങൾ മുറിക്കുകയും നശിപ്പിക്കുകയും ചെയ്യുന്നതുമൂലം മണ്ണൊലിപ്പ് രൂക്ഷമാവുകയും വൃക്ഷസമ്പത്ത് ചുരുങ്ങുകയും ചെയ്യുന്നത് ഒരുപാട് ജീവികളെ പ്രതിസന്ധിയിലാഴ്ത്തുന്നുണ്ട് എന്ന തിരിച്ചറിവിൽ നിന്നും രൂപപ്പെട്ട നിയമമാണ് വൃക്ഷസംരക്ഷണ നിയമം (കേരള പ്രിസർവേഷൻ ഓഫ് ട്രീസ് ആക്ട്, 1986). ഈ നിയമത്തിലെ വൃക്ഷത്തിന്റെ നിർവ്വചനത്തിൽ ചന്ദനം, തേക്ക്, ചെമ്പകം, ചടച്ചി, ഈട്ടി, തുടങ്ങിയ പത്തിനം സസ്യങ്ങളെ ഉൾപ്പെടുത്തുകയും പ്രസ്തുത മരങ്ങൾ അനുമതി കൂടാതെ മുറിക്കുകയോ കടപുഴക്കി എടുക്കുകയോ തീ വയ്ക്കുകയോ ചെയ്യുന്നത് കർശനമായി നിരോധിക്കുകയും ചെയ്തു. എന്നാൽ, വൃക്ഷസംരക്ഷണത്തിനായി നിയമം കൊണ്ടുവന്ന ഇതേ സർക്കാർ തന്നെയാണ് ക്ലിയർ ഫെല്ലിംഗ്, സെലക്ഷൻ ഫെല്ലിംഗ്, ഫൈനൽ ഫെല്ലിംഗ്, സോഷ്യൽ ഫോറസ്ട്രി തുടങ്ങിയ പേരുകളിൽ വലിയതോതിൽ വനവൃക്ഷങ്ങൾ മുറിച്ചുമാറ്റിയത്. ശാസ്ത്രീയമായ തത്വങ്ങൾ പാലിക്കാതെയുള്ള അടച്ചുമുറിക്കലും തിരഞ്ഞുമുറിക്കലും വന്യജീവികളുടെ ആവാസവ്യവസ്ഥയെ പ്രതികൂലമായി ബാധിച്ചു.

ഇങ്ങനെ അടച്ചുമുറിക്കലിനും തിരഞ്ഞു മുറിക്കലിനും ഇടമാക്കപ്പെട്ട വനമേഖലകളിൽ പടർന്നു പന്തലിക്കുന്ന അധിനിവേശ സസ്യങ്ങളാണ് വനത്തേയും വന്യജീവികളേയും അനിശ്ചിതത്തിലാക്കുന്ന മറ്റൊരു കാര്യം. കൊളോണിയൽ കാലഘട്ടത്തിൽ തന്നെ കേരളത്തിന്റെ കാടകങ്ങളിലും തുറസ്സുകളിലും വയലുകളിലും പുൽമേടുകളിലുമെല്ലാം നിരവധി വിദേശി, പരദേശി സസ്യങ്ങൾ പടർന്നു പന്തലിക്കാൻ തുടങ്ങി. പുൽമേടുകളിലേക്കും വനനിബിഡമേഖലകളിലേക്കുമുള്ള ഈ അതിക്രമിച്ചുകയറൽ അവിടുത്തെ സ്വാഭാവിക ആവാസവ്യവസ്ഥയെ നശിപ്പിക്കുകയും വന്യജീവികൾ നൈസർഗികമായി ആശ്രയിച്ചിരുന്ന സസ്യജാലങ്ങൾ ഇല്ലാതാവുകയും ചെയ്തു. ഇത് അവയെ മാത്രം ആശ്രയിച്ചു ജീവിക്കുന്ന സസ്യഭുക്കുകളായ ജന്തുസമൂഹത്തെ പ്രതിസന്ധിയിലാക്കി. വന്യജീവികളുടെ ഭക്ഷണലഭ്യതയുടെ കാര്യത്തിൽ സാരമായ ഇടിവാണ് അധിനിവേശ സസ്യങ്ങൾ വരുത്തിയത്. അരിപ്പൂ, കമ്മ്യൂണിസ്റ്റ് പച്ച, ധൃതരാഷ്ട്ര പച്ച, മഞ്ഞക്കൊന്ന, കുടമരം എന്നിങ്ങനെ 82 ൽ പരം സസ്യവർഗ്ഗങ്ങളാണ് കേരളത്തിന്റെ വിവിധ വന-വനേതര മേഖലകളിലായി കാണപ്പെടുന്നത്. ഇവയെ ഭക്ഷിക്കുന്ന ജീവിവർഗ്ഗങ്ങൾ കുറവായതുകൊണ്ട് തന്നെ ഇവയുടെ അളവ് ക്രമാതീതമായി വർദ്ധിച്ചുകൊണ്ടേയിരിക്കുകയാണ്. മറ്റു സസ്യവർഗ്ഗങ്ങളെ പുറന്തള്ളിക്കൊണ്ട് അധിനിവേശ സസ്യങ്ങൾ സൃഷ്ടിക്കുന്ന ആവാസവ്യവസ്ഥകളെക്കുറിച്ച് സമീപകാലത്താണ് വനംവകുപ്പിനും പരിസ്ഥിതി പ്രവർത്തകർക്കും ബോധ്യം വന്നത്. സ്വാഭാവിക ആവാസവ്യവസ്ഥയുടെ പ്രവർത്തനക്ഷമത നഷ്ടപ്പെടുത്തുന്നതിലൂടെ മറ്റു സേവനങ്ങളെ ദുർബലപ്പെടുത്താനും ഇത്തരം വിദേശസസ്യങ്ങൾക്ക് നിഷ്പ്രയാസം സാധിക്കുന്നു. കേരളത്തിന്റെ ജൈവവൈവിധ്യത്തെ വെല്ലുവിളിച്ചുകൊണ്ടും സ്വാഭാവിക സസ്യങ്ങളെ ഇല്ലാതാക്കികൊണ്ടും പടർന്നു പിടിക്കുന്ന ഇത്തരം സസ്യയിനങ്ങളെ കഴിയാവുന്നത്ര വേഗത്തിൽ പിഴുതുകളയുകയാണ് വേണ്ടത്. രൂക്ഷമാകുന്ന മനുഷ്യ-വന്യജീവി സംഘർഷങ്ങളിൽ അധിനിവേശ സസ്യങ്ങൾ വഹിക്കുന്ന പങ്കിനെക്കുറിച്ച് കേരളം വേണ്ടത്ര ശ്രദ്ധ ചെലുത്തിയിട്ടില്ല. ഇക്കാര്യത്തിൽ വളരെ അടിയന്തിരമായ വിലയിരുത്തലുകളും ഇടപെടലുകളും ഉണ്ടാകേണ്ടതുണ്ട്.

**കത്തുന്ന കാടുകൾ**

കേരളത്തിലെ വനപരിസ്ഥിതി നേരിടുന്ന മറ്റൊരു പ്രധാന പ്രശ്നം കാട്ടുതീയാണ്. വേനൽകാലത്ത്, വനങ്ങളിൽ (പ്രത്യേകിച്ച് തോട്ടങ്ങളിലും ഇലകൊഴിയും വനങ്ങളിലും) കാട്ടുതീ ഒരു സാധാരണ സംഭവമായിത്തീർന്നിരിക്കുന്നു. പുൽമേടുകളും മുളങ്കാടുകളും ഉണങ്ങുന്നതുവഴിയും തീപടരുമെന്നതിനാൽ മനുഷ്യനിർമ്മിത കാട്ടുതീയെ കുറിച്ച് അധികം ചർച്ചകളുണ്ടാകാറില്ല. കാട്ടുതീ സ്വാഭാവികമായ ഒരു പ്രക്രിയയായി കണ്ടിരുന്ന ആദിവാസികളും മറ്റും ഇന്ന് ഏറെ ഭയത്തോടെയാണ് അതിനെ നേരിടുന്നത്. അസ്വാഭാവികവും അപ്രതീക്ഷിതവുമായ കാട്ടുതീയെ വന്യജീവികളെയും ആദിവാസികളെയും ഒരുപോലെ ഭയത്തിലാഴ്ത്തുന്നു. റോഡുകളും കുടിയേറ്റങ്ങളും കൈയ്യേറ്റങ്ങളും ഏകമരത്തോട്ടങ്ങളും കൃഷിയിടങ്ങളുമൊക്കെ വ്യാപിപ്പിക്കുന്നതിനായി കാട് തീയിട്ട് തരിശാക്കി ആവശ്യാനുസരണം ഭൂമി തരപ്പെടുത്തിയെടുക്കുന്ന രീതി കേരളത്തിലുടനീളം നിലനിന്നിരുന്നു. വന്മരങ്ങളെ റെയിൽവെ സ്ലീപ്പറുകൾക്കോ പ്ലൈവുഡ് വ്യവസായത്തിനോ മുറിച്ചുപോന്നിരുന്ന തിരഞ്ഞു മുറിക്കൽ സമ്പ്രദായം വൃക്ഷത്തലപ്പുകളുടെ തുടർച്ച നഷ്ടപ്പെടുത്തുകയും തന്മൂലം നിത്യഹരിതവനങ്ങൾ വരണ്ട് ഇലപൊഴിയും കാടുകളായി മാറിയതും കാട്ടുതീയെ ത്വരിതപ്പെടുത്തി.

വളരെ വലുപ്പവും പഴക്കവുമുള്ള മരങ്ങൾ നിഷ്പ്രയാസം കത്തിത്തീരുന്നു. കത്തിപ്പോയാലുണ്ടാകുന്ന മരങ്ങളുടെ സാമ്പത്തിക നഷ്ടം മാത്രം കണക്കാക്കപ്പെടുകയും ജൈവവൈവിധ്യനാശത്തെ കുറിച്ച് ചിന്തിക്കാതിരിക്കുകയും ചെയ്യുന്ന സർക്കാർ സംവിധാനങ്ങളാണ് നമുക്കുള്ളത്. കാലാകാലങ്ങളിൽ കാട്ടുതീ വഴി വന്യജീവികളുടെ ആവാസവ്യവസ്ഥയ്ക്കുണ്ടായ നാശനഷ്ടങ്ങളെക്കുറിച്ച് വ്യക്തമായ ഒരു കണക്കെടുപ്പുപോലും നമ്മൾ നടത്തിയിട്ടില്ല. കാട്ടിലെ ജൈവവൈവിധ്യത്തിന്റെ അടിസ്ഥാനം മണ്ണായതിനാൽ കാട്ടുതീ മൂലമുണ്ടാകുന്ന മണ്ണിന്റെ ശോഷണവും വലിയ നഷ്ടങ്ങളുണ്ടാക്കിയിട്ടുണ്ട്. മണ്ണിലെ സൂക്ഷ്മജീവികളെയും പൂപ്പലുകളെയും ബാക്ടീരിയകളെയുമെല്ലാം ഈ പ്രക്രിയ ഇല്ലാതാക്കുന്നു. സസ്യ ആവാസവ്യവസ്ഥയെ ആശ്രയിച്ച് കഴിയുന്ന നിരവധി ജന്തുക്കളെ കാട്ടുതീ കൊന്നുടുക്കുന്നു. മണ്ണിലെ ജൈവാംശം പുകയായി ഉയർന്ന് അന്തരീക്ഷത്തിലെ കാർബൺഡയോക്സൈഡിന്റെ അളവ് കൂട്ടുകയും അതുവഴി കാലാവസ്ഥാ വ്യതിയാനത്തിന്റെ തോത് വർദ്ധിപ്പിക്കുകയും ചെയ്യുന്നു. കാട്ടുതീ സൃഷ്ടിക്കുന്ന ആവാസവ്യവസ്ഥയുടെ താളംതെറ്റൽ മൂലം ഭക്ഷ്യക്ഷാമം, വരൾച്ച, ഇണയില്ലായ്മ തുടങ്ങിയ പ്രശ്നങ്ങളെ അഭിമുഖീകരിക്കേണ്ടി വരുന്ന ജീവികളുടെ അവസ്ഥ അതി




*അവലംബം: സ്റ്റേറ്റ് വൈൽഡ്‌ലൈഫ് അഡ്വൈസറി ബോർഡ്*

കഠിനമാണ്. മിക്കയിടങ്ങളിലും, സ്വന്തം ആവാസകേന്ദ്രമുപേക്ഷിച്ച് മറ്റൊരിടം കണ്ടെത്താൻ വന്യജീവികൾ നിർബന്ധിക്കപ്പെടുന്നു. ഈ പലായനങ്ങൾ അവരെ മനുഷ്യവാസ കേന്ദ്രങ്ങളിലേക്കും എത്തിക്കുന്നു. മറ്റു രാജ്യങ്ങളിലെല്ലാം കാട്ടുതീ നിയന്ത്രണത്തിനായി നവസാങ്കേതികതകൾ ഉപയോഗിച്ചു വരുന്നുണ്ട്. കേരളത്തിന്റെ പ്രത്യേകമായ രാഷ്ട്രീയ സാഹചര്യങ്ങളിൽ അത്തരം നിയന്ത്രണ സംവിധാനങ്ങൾ പരിമിതപ്പെട്ടുതന്നെയാണ് കിടക്കുന്നത്.

### കൂടുന്ന മനുഷ്യസാന്നിധ്യം

സംരക്ഷിത വനപ്രദേശങ്ങൾക്ക് അകത്തും സമീപത്തും വർദ്ധിച്ചുവരുന്ന മനുഷ്യസാന്നിദ്ധ്യവും അതിവേഗം മാറുന്ന ജീവിതരീതികളും മനുഷ്യ-വന്യജീവി സംഘർഷത്തിന്റെ തീവ്രത വർധിപ്പിക്കുകയാണ്. വന്യജീവികളുടെ സ്വൈര്യവിഹാരകേന്ദ്രങ്ങളിലേക്ക് മനുഷ്യവാസം പരിധിയില്ലാതെ കടന്നുകയറാൻ തുടങ്ങിയത് എല്ലാക്കാലത്തും സംഘർഷങ്ങൾക്ക് കാരണമായിത്തീർന്നിട്ടുണ്ടെന്ന് ചരിത്രം കാണിച്ചുതരുന്നുണ്ട്. എന്നാൽ വന്യജീവികളുടെ നിരന്തര സാമീപ്യമുള്ള പ്രദേശങ്ങളിൽ പോലും മനുഷ്യരും മൃഗങ്ങളും സഹവസിച്ചതിനെക്കുറിച്ചും അതേ ചരിത്രത്തിൽ തന്നെ തെളിവുകൾ കാണാൻ കഴിയും. മനുഷ്യർ അവരുടെ ഭൗതികാവശ്യങ്ങളെ വിപുലീകരിച്ചതിനൊപ്പം നഷ്ടമായിപ്പോയത് ഈ സഹജീവനശേഷിയാണ്. വനമേഖലകളിൽ മനുഷ്യവാസം കൂടിവന്നതോടെ സഹജീവനത്തിന്റെ ശീലങ്ങൾ സമൂഹത്തിൽ നിന്നും പൂർണ്ണമായും അകന്നുപോയി.

വന്യമൃഗങ്ങളെ മാത്രമല്ല, വനവിഭവങ്ങളെ ആശ്രയിച്ച് ജീവിക്കുന്ന ഗോത്രസമൂഹങ്ങളെയും വനാതിർത്തികളിലെ ജനപ്പെരുപ്പം പ്രതിസന്ധിയിലാക്കി. പ്രധാനമായും, അതിജീവനത്തിനായി കാടിനെ ആശ്രയിക്കുന്നവരും വികസനാവശ്യങ്ങൾക്കായി കാടിനെ ആശ്രയിക്കുന്നവരും തമ്മിലുള്ള അന്തരം തന്നെയാണ് നിലവിലെ മനുഷ്യ-വന്യജീവി സംഘർഷങ്ങളിലെല്ലാം പ്രകടമായി നിൽക്കുന്നത്. പുതിയ മനുഷ്യ സെറ്റിൽമെന്റുകൾ വനത്തിനുള്ളിൽ തുടങ്ങുന്നതും ഉള്ളവയുടെതന്നെ വിസ്തൃതി വർദ്ധിപ്പിക്കുന്നതും നിയമാനുസരണം അനുവദനീയമല്ലാതിരുന്നിട്ടുപോലും സെറ്റിൽമെന്റുകളുടെ എണ്ണം ഇപ്പോഴും ക്രമാതീതമായി വർദ്ധിക്കുകയാണ്. മിക്ക സ്ഥലങ്ങളിലും ആദിവാസികളുടേതിനേക്കാൾ ഇതര സമൂഹങ്ങളുടെ വാസസ്ഥലങ്ങളാണ് കൂടുതലായി കാണപ്പെടുന്നത്.

ആദിവാസികളെ ഓരങ്ങളിലേക്ക് മാറ്റിനിർത്തിയും അവരുടെ സമാധാനജീവിതത്തിൽ കടന്നുകയറിയുമാണ് സമതലവാസികളായ കുടിയേറ്റക്കാർ തങ്ങളുടെ അധികാരം സ്ഥാപിച്ചെടുത്തത്. ആദിവാസികളോടും കാടിനോടും ചെയ്ത അനീതികളിൽ നിന്നും സമാഹരിച്ച മൂലധനമാണ് കുടിയേറ്റത്തിന്റെ അടിത്തറ. വനത്തിനോടും വന്യജീവികളോടുമുള്ള കുടിയേറ്റ ജനതയുടെ സമീപനം ഏറെ അന്യവത്കരിക്കപ്പെട്ട ഒന്നായിത്തീരാനുള്ള കാരണവും ഇതാണ്. ആദ്യകാല കുടിയേറ്റക്കാരുടെ രണ്ടാം തലമുറയിലേക്ക് പോലും ഈ അന്യവത്കകൃത ബോധം കടന്നുകയറിയിട്ടുണ്ട്. ഗാഡ്ഗിൽ-കസ്തൂരിരംഗൻ റിപ്പോർട്ടുകൾക്കെതിരെ കേരളത്തിലെ കുടിയേറ്റ മേഖലകളിൽ രൂപപ്പെട്ട പ്രതിഷേധങ്ങളിൽ അതിന്റെ പ്രതിഫലനങ്ങൾ നമ്മൾ കണ്ടതാണ്. പാരിസ്ഥിതികമായി ദുർബലമായ ഒരു ഭൂപ്രദേശത്താണ് വസിക്കുന്നതെന്ന ബോധ്യത്തിൽ നിന്നും സ്വരൂപിക്കേണ്ട അടിസ്ഥാനശീലങ്ങളെപ്പോലും അവർ നിർദയം തള്ളിക്കളയുകയാണ്. അടഞ്ഞതും അയുക്തികവുമായ ഈ സമീപനം മനുഷ്യ-വന്യജീവി സംഘർഷങ്ങളെ കുടിയേറ്റ ജനത നേരിടുന്ന രീതികളിലും പ്രകടമാണ്.

### കന്നുകാലി മേയ്ക്കൽ

വനമേഖലകളോട് ചേർന്നു നടത്തുന്ന കന്നുകാലി മേയ്ക്കലാണ് വന്യജീവി സംഘർഷത്തിന് കാരണമായിത്തീരുന്ന മറ്റൊരു കാര്യം. മലയോരമേഖലയിൽ കന്നുകാലി വളർത്തൽ പല കുടുംബങ്ങളുടെയും ഒരു പ്രധാന വരുമാനമാർഗ്ഗമാണ്. വനത്തിനകത്തും അടു

ത്തും താമസിക്കുന്നതിനാൽത്തന്നെ കന്നുകാലികളെ കാട്ടിനുള്ളിൽ മേയ്ക്കുന്നത് ഇവിടെ പതിവാണ്. ഇത് വനസസ്യങ്ങളുടെ സമ്പൂർണ്ണ നാശത്തിനും തുടർച്ച നഷ്ടപ്പെടുന്നതിനും കാരണമായിട്ടുണ്ട്. വന സംരക്ഷണമേഖലകളിൽ കന്നുകാലി മേയ്ക്കൽ നിരോധിക്കപ്പെട്ടിരുന്നിട്ടുകൂടിയും പലഭാഗങ്ങളിലും ആയിരകണക്കിന് കന്നുകാലികളാണ് തീറ്റതേടിയെത്തുന്നത്. വനം വകുപ്പിന്റെ റിപ്പോർട്ട് പ്രകാരം, വയനാട് വന്യജീവി സങ്കേതത്തിൽ മാത്രം ഏകദേശം 25,000 ത്തിലധികം കന്നുകാലികളാണ് (ആട്, പശു) ദിനംപ്രതി തീറ്റതേടിയെത്തുന്നത് എന്ന കണക്കു തന്നെ ഇതിന്റെ തീവ്രത വ്യക്തമാക്കുന്നു. പല ആദിവാസി കുടുംബങ്ങളിലും കണ്ടുവരുന്ന കന്നുകാലികളുടെ യഥാർത്ഥ ഉടമകൾ ആദിവാസിയേതരർ ആണ്. ആദിവാസികളുടേതെന്ന പേരിൽ വനത്തിനകത്ത് അവർക്കു ലഭിക്കുന്ന സർവ്വ ആനുകൂല്യങ്ങളും ഇളവുകളും ഉപയോഗപ്പെടുത്തികൊണ്ട് തുച്ഛമായ നോക്കുകൂലി മാത്രം നൽകിയാണ് ആദിവാസിയേതരർ കന്നുകാലികളെ വളർത്തുന്നത്. കന്നുകാലി മേക്കലിലൂടെയുണ്ടാകുന്ന വനശോഷണം നിർണ്ണയിക്കപ്പെടാതിരിക്കുന്നിടത്തോളം കാലം ഭക്ഷണ ദൗർലഭ്യമനുഭവപ്പെടുന്ന വന്യജീവികൾ വനമിറങ്ങി മനുഷ്യവാസ കേന്ദ്രങ്ങളിലേക്കും വളർത്തുമൃഗങ്ങളിലേക്കും എത്തുമെന്ന കാര്യത്തിൽ യാതൊരു തർക്കവും വേണ്ട.

**ടെററിസമാകുന്ന ടൂറിസം**

ആഗോള ടൂറിസം ഭൂപടത്തിൽ ഇടം നേടിയിട്ടുള്ള കേരളത്തിന്റെ പ്രധാന വിനോദസഞ്ചാര കേന്ദ്രങ്ങളെല്ലാം സ്ഥിതി ചെയ്യുന്നത് പശ്ചിമഘട്ട മേഖലകളിലാണ്. സംരക്ഷിത വനവുമായോ വനാതിർത്തികളുമായോ പലവിധത്തിലും വിനോദസഞ്ചാരം ബന്ധപ്പെട്ടു കിടക്കുന്നു. കേരളത്തിന്റെ മാറുന്ന ജീവിതശൈലിയും യാത്രാസംവിധാനങ്ങളുടെ വർദ്ധനവും ഹരിതാഭമായ വനപ്രദേശങ്ങളിലെല്ലാം സഞ്ചാരികളുടെ സാന്നിധ്യം വർദ്ധിപ്പിക്കുകയാണ്. പരിസ്ഥിതി ലോലമായ ഈ പ്രദേശങ്ങൾക്ക് താങ്ങാൻ കഴിയുന്നതിനേക്കാൾ ജനക്കൂട്ടം ഇപ്പോൾ ഇവിടങ്ങളിൽ എത്തിച്ചേരുന്നുണ്ട്. വനംവകുപ്പ് തന്നെ നേരിട്ട് വനപരിസ്ഥിതിക്ക് ദോഷമാകുന്ന തരത്തിലുള്ള ടൂറിസം പ്രവർത്തനങ്ങളിൽ പങ്കുചേരുന്നുമുണ്ട്. കാട്ടിനുള്ളിലേക്കും ഓരത്തേക്കുമുള്ള സഞ്ചാരികളുടെ അതിരുകവിഞ്ഞ കടന്നുകയറൽ വന്യമൃഗങ്ങളുടെ സൈര്യവിഹാരത്തെ തടസ്സപ്പെടുത്തുന്നുണ്ട്. വാഹനങ്ങൾ കാരണമുണ്ടാകുന്ന മലിനീകരണം, വനപാതകളിലൂടെയുള്ള ക്രമാതീതമായ വാഹനസഞ്ചാരം, വാഹനാപകടം മൂലമുള്ള മൃഗമരണങ്ങൾ എന്നിവയും വർദ്ധിച്ചുവരുകയാണ്. ടൂറിസ്റ്റുകളുടെ എണ്ണത്തിനൊപ്പം പെരുകുന്ന റിസോർട്ടുകളും കാടിന്റെ ആവാസവ്യവസ്ഥയെ തകിടം മറിക്കുന്നു. മൂന്നാർ പോലെയുള്ള മേഖലയിൽ റിസോർട്ട് വ്യവസായം വളർച്ച പ്രാപിച്ചതിന്റെ ഫലമായുണ്ടായ പാരിസ്ഥിതിക ദുരന്തങ്ങളും അതുവഴി ശക്തിപ്പെട്ട ഭൂമാഫിയ സൃഷ്ടിക്കുന്ന പ്രശ്നങ്ങളും നമ്മൾ കണ്ടതാണ്. സവിശേഷശ്രദ്ധ മൂന്നാറിലെ വിഷയങ്ങൾക്ക് ലഭിച്ചെങ്കിലും മിക്ക വിനോദ സഞ്ചാരകേന്ദ്രങ്ങളിലും റിസോർട്ട് നിർമ്മാണങ്ങൾക്ക് വേണ്ടിയുള്ള ഭൂമി കയ്യേറ്റങ്ങൾ (വനം ഉൾപ്പെടെ) അനസ്യൂതം നടന്നുകൊണ്ടിരിക്കുകയാണ്. വന്യജീവികളുടെ സ്വാഭാവിക ഇടങ്ങൾ ചുരുങ്ങിപ്പോകുന്നതിന് ഇതും കാരണമായിട്ടുണ്ട്. ചില റിസോർട്ടുകളും ടൂറിസം ഏജൻസികളും വാഗ്ദാനം ചെയ്യുന്ന 'ടൈഗർ ട്രെയിൽ ട്രക്കിംഗ്' (കടുവയെ പിന്തുടർന്ന് ജീപ്പ് പോലുള്ള വാഹനങ്ങളിൽ കാട്ടിനുള്ളിലേക്ക് പോകുന്ന നിയമവിരുദ്ധ പ്രവർത്തനം. തിരുനെല്ലി ഭാഗത്ത്ഇത് വ്യാപകമായി നടക്കുന്നുണ്ടെന്ന് റിപ്പോർട്ടുകളുണ്ടായിരുന്നു) സാഹസിക ടൂറിസം രീതികൾ നേരിട്ടു തന്നെ വന്യജീവികൾക്ക് ഭീഷണിയായി മാറുന്നു.

> മികച്ചരീതിയിൽ ഫെൻസിംഗ് നടത്താൻ സാമ്പത്തിക ശേഷിയുള്ളവർ അവരുടെ കൃഷിയിടങ്ങൾ (റിസോർട്ടും) കൃത്യമായി സംരക്ഷിക്കുമ്പോൾ സഞ്ചാരപാത നഷ്ടപ്പെടുന്ന വന്യമൃഗങ്ങൾ സമീപത്തുള്ള ഫെൻസിംഗ് നടത്താത്ത സ്ഥലങ്ങളിലേക്ക് ഇറങ്ങിച്ചെല്ലുന്നത് പതിവാണ്. ഇത്തരം ഫെൻസിംഗ് ചെയ്യാത്ത സ്ഥലങ്ങൾ അതിനുള്ള സാമ്പത്തികശേഷിയില്ലാത്ത ആദിവാസികളടക്കമുള്ള ജനവിഭാഗങ്ങളുടേതായിരിക്കും.

**പരിഹാരമാണോ ഈ പരിഹാരങ്ങൾ?**

മനുഷ്യ-വന്യജീവി സംഘർഷം പരിമിതപ്പെടുത്തുന്നതിനായി വനംവകുപ്പിന്റെ നേതൃത്വത്തിൽ കിടങ്ങുനിർമ്മാണം(ട്രഞ്ച്), ഇലക്ട്രിക്കൽ ഫെൻസിംഗ്, സോളാർ ഫെൻസിംഗ്, റെയിൽ ഫെൻസിംഗ്, മതിലുകെട്ടൽ തുടങ്ങിയ വ്യത്യസ്ത മാർഗ്ഗങ്ങൾ അവലംബിക്കുന്നുണ്ടെങ്കിലും നിലവിലെ സംഘർഷാവസ്ഥകൾ ലഘൂകരിക്കുന്നതിന് ഇവ പര്യാപ്തമാകുന്നില്ല എന്നതാണ് യാഥാർത്ഥ്യം.

**കാട്ടുതീ ബാധിച്ച വനമേഖല 01.04.2016 മുതൽ 31.03.2017 വരെ**

| സർക്കിൾ | വിസ്തൃതി (ഹെക്ടർ) |
|---|---|
| സതേൺ സർക്കിൾ (കൊല്ലം) | 429.96 |
| ഹൈറേഞ്ച് സർക്കിൾ (കോട്ടയം) | 704.48 |
| സെൻട്രൽ സർക്കിൾ (തൃശൂർ) | 593.20 |
| ഈസ്റ്റേൺ സർക്കിൾ (പാലക്കാട്) | 528.25 |
| നോർത്തേൺ സർക്കിൾ (കണ്ണൂർ) | 282.02 |
| അഗസ്ത്യവനം ബയോളജിക്കൽ പാർക്ക് | 30.31 |
| ഫീൽഡ് ഡയറക്ടർ, കോട്ടയം | 423.72 |
| വൈൽഡ്ലൈഫ് സർക്കിൾ, പാലക്കാട് | 188.24 |
| **ആകെ** | **3180.18** |

*അവലംബം: കേരള നിയമസഭാരേഖ, 2017*

പ്രധാനമായും ആനയെ പ്രതിരോധിക്കുന്നതിനു വേണ്ടിയാണ് കിടങ്ങുകൾ നിർമ്മിക്കുന്നത്. ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ പരിഗണിച്ച് തിരഞ്ഞെടുക്കേണ്ട കിടങ്ങു കുഴിക്കൽ എന്ന പരിഹാരം, ബോധ്യക്കുറവുകൊണ്ട് അനുയോജ്യമല്ലാത്ത സ്ഥലങ്ങളിൽ പരീക്ഷിച്ച് പരാജയപ്പെട്ടുകൊണ്ടിരിക്കുകയാണ് വനം വകുപ്പ്. ഭൂമിശാസ്ത്ര-പാരിസ്ഥിതിക ഘടകങ്ങൾ പരിഗണിക്കാതെയുള്ള കിടങ്ങുകുഴിക്കൽ കാരണം ചിലയിടങ്ങളിൽ ജലക്ഷാമം അനുഭവപ്പെടുകയും, ജലലഭ്യതയുള്ള സ്ഥലങ്ങളിൽ മണ്ണൊലിപ്പ് വർധിക്കുകയും ചെയ്തു. കേരളത്തിൽ വ്യാപകമായി പരീക്ഷിച്ചുകൊണ്ടിരിക്കുന്ന മറ്റൊരു മാർഗ്ഗം ഇലക്ട്രിക് ഫെൻസിംഗ് ആണ്. വിദ്യുത്ച്ഛക്തി ഉപയോഗിച്ച് വേലികൾകെട്ടി കൃഷിയിടവും പുരയിടവും സംരക്ഷിച്ചുനിർത്തുന്ന ഇലക്ട്രിക് ഫെൻസിംഗ് രീതി പ്രകാരം നിശ്ചിത അളവിലുള്ള വൈദ്യുതി കമ്പിവേലികളിലൂടെ സദാ പ്രസരിച്ചുകൊണ്ടേയിരിക്കുകയും അതുമുറിച്ചുകടക്കാൻ ശ്രമിക്കുന്ന ജീവികൾക്ക് ഷോക്കേൽക്കുമ്പോൾ ആ ശ്രമം ഉപേക്ഷിച്ച് അവ പിന്തിരിഞ്ഞ് പോകുകയും ചെയ്യുന്നു. വേലികളിൽ തട്ടിയാൽ ഷോക്കേൽക്കുമെന്ന ഭീതി പല മൃഗങ്ങളെയും കൃഷിയിടങ്ങളിൽനിന്നും അകറ്റിനിർത്താറുണ്ടെങ്കിലും കമ്പിവേലികൾക്കിടയിലൂടെയുള്ള പ്രസരണനഷ്ടം കാലക്രമേണ ഈ രീതിയെ ദുർബലപ്പെടുത്തി. ചിലവ് കുറഞ്ഞ സോളാർ ഫെൻസിംഗ് രീതി വഴിയും വൈദ്യുതി വേലികൾ ധാരളമായി നിർമ്മിക്കപ്പെടുന്നുണ്ട്. മികച്ചരീതിയിൽ ഫെൻസിംഗ് നടത്താൻ സാമ്പത്തിക ശേഷിയുള്ളവർ അവരുടെ കൃഷിയിടങ്ങൾ (റിസോർട്ടും) കൃത്യമായി സംരക്ഷിക്കുമ്പോൾ സഞ്ചാരപാത നഷ്ടപ്പെടുന്ന വന്യമൃഗങ്ങൾ സമീപത്തുള്ള ഫെൻസിംഗ് നടത്താത്ത സ്ഥലങ്ങളിലേക്ക് ഇറങ്ങിച്ചെല്ലുന്നത് പതിവാണ്. ഇത്തരം ഫെൻസിംഗ് ചെയ്യാത്ത സ്ഥലങ്ങൾ അതിനുള്ള സാമ്പത്തികശേഷിയില്ലാത്ത ആദിവാസികളടക്കമുള്ള ജനവിഭാഗങ്ങളുടേതായിരിക്കും. പതിവ് സഞ്ചാരപാത നഷ്ടപ്പെടുന്നതുകൊണ്ടുതന്നെ മറ്റ് വഴികളിലൂടെ പോകേണ്ടിവരുന്ന ആന പോലെയുള്ള ജീവികൾ കൂടുതൽ പരിഭ്രാന്തരും അതുകാരണം തന്നെ അക്രമസ്വഭാവമുള്ളവയും ആയിരിക്കും. ആറളം, ചിന്നക്കനാൽ എന്നീ പ്രദേശങ്ങളിൽ ആദിവാസികളെ പുനരധിവസിപ്പിച്ചിട്ടുള്ള ഭൂമിയിൽ കാട്ടാനകളുടെ ആക്രമണം പതിവാകുന്നതിനുള്ള കാരണം ഇതാണ്. ഫെൻസിംഗിലെ അശാസ്ത്രീയത കാരണം സംഘർഷങ്ങളിൽ ഒട്ടും കുറവില്ലാതിരിക്കുകയും മനുഷ്യർക്ക് തന്നെ അത് പല സ്ഥലത്തും കൂടുതൽ ദോഷമായിത്തീരുകയും ചെയ്യുന്നു.

ചതുപ്പുപ്രദേശങ്ങളിൽ ഇത്തരം ഫെൻസിംഗുകൾ പ്രായോഗികമല്ലാത്തതിനാൽ റെയിൽ ഫെൻസിംഗ് രീതിയാണ് അവിടെ അവലംബിക്കുന്നത്. ആനയ്ക്ക് ഇടിച്ചുതകർക്കാൻ കഴിയാത്ത ലോഹനിർമ്മിതമായ റെയിൽ ദണ്ഡുകളാണ് ഇവിടെ വൈദ്യുതികമ്പികൾക്ക് പകരമുള്ളത്. വളരെ ചിലവുകൂടിയ ഈ രീതി അക്കാരണത്താൽ തന്നെ കേരളത്തിൽ വിപുലമായി സ്വീകരിക്കപ്പെട്ടിട്ടില്ല. കരിങ്കല്ലുകളും സിമന്റും ഉപയോഗിച്ച് നിശ്ചിത ഉയരത്തിൽ മതിലുകൾ കെട്ടിയും ജനവാസകേന്ദ്രങ്ങളിലേക്കുള്ള മൃഗസഞ്ചാരങ്ങളെ തടസ്സപ്പെടുത്തുന്ന രീതിയുണ്ട്. പശ്ചിമഘട്ടത്തിലുടനീളം കരിങ്കല്ലുകൊണ്ട് മതിലുകെട്ടുക എന്നത് അസംബന്ധവും അസാധ്യവുമാണ് എന്നതിനാൽ സ്വീകാര്യമായ ഒരു പരിപാടിയായി ഇതിനെ കാണാൻ കഴിയില്ല. കടലുകയറാതിരിക്കാൻ തീരത്ത് കല്ലിടുന്നതുപോലെ കോൺട്രാക്ടർമാർക്ക് മാത്രം ഗുണമുള്ള ഒരു പരിപാടിയായി ഇത് മാറാനും സാദ്ധ്യതയുണ്ട്.

### പുതിയ പരീക്ഷണങ്ങൾ

സംഘർഷങ്ങൾ കൂടിവരുന്ന സാഹചര്യത്തിൽ സാങ്കേതികവിദ്യയുടെയും ശാസ്ത്രസമൂഹത്തിന്റെയും പ്രത്യേകപരിശീലനം സിദ്ധിച്ച സംഘങ്ങളുടെയും പിന്തുണയോടെ പുതിയ പല മാർഗ്ഗങ്ങളും സർക്കാർ ആവിഷ്കരിക്കുന്നുണ്ട്. കേരളത്തിൽ ഇതെല്ലാം പ്രയോഗ

ത്തിൽ വന്നിട്ട് അധികനാളുകളായിട്ടില്ല എന്നതിനാൽ തന്നെ കൃത്യമായ ഒരു വിലയിരുത്തിൽ ഇവയുടെ ഫലപ്രാപ്തിയെക്കുറിച്ച് നടത്താൻ പ്രയാസമാണ്. അതിൽ പ്രധാനപ്പെട്ട ഒന്നാണ് റാപ്പിഡ് റസ്പോൺസ് ടീം. കുരങ്ങ്, പാമ്പ്, ആന തുടങ്ങിയ ജീവികളെ ആക്രമണത്തിൽ നിന്ന് പിന്തിരിപ്പിക്കുന്നതിനായി സജ്ജീകരിച്ചിട്ടുള്ള സംഘമാണ് റാപ്പിഡ് റെസ്പ്പോൺസ് ടീം. പേരുപോലെ തന്നെ വന്യജീവികളുടെ ആക്രമണമുണ്ടാകുമ്പോൾ ദ്രുതഗതിയിൽ പരിപാടികൾ ആസൂത്രണം ചെയ്യുന്നതിനുള്ള സംഘമാണിത്. ഇക്കാര്യത്തിൽ ഇടപെടുന്ന മറ്റൊരു ശാസ്ത്രീയ സ്ഥാപനമാണ് സെന്റർ ഫോർ വൈൽഡ് ലൈഫ് റിസർച്ച് ആന്റ് ഫോറിൻസിക് ലബോറട്ടറി. മൃഗങ്ങളിലെ കുറ്റവാളി സ്വഭാവം, വയസ്സ്, ലിംഗം, സംഘർഷത്തിനുള്ള കാരണങ്ങൾ എന്നിവയുടെ ശാസ്ത്രീയമായ കാരണങ്ങൾ അന്വേഷിക്കുന്നതിനും അതിന്റെ ഡേറ്റാ ബാങ്കുണ്ടാക്കുന്നതിനുമാണ് ഇത് രൂപീകരിച്ചിരിക്കുന്നത്. കേരളത്തിൽ വയനാട് വൈൽഡ് ലൈഫ് സാങ്ചറിയുടെ ഭാഗമായാണ് 2012 മുതൽ ഇത് പ്രവർത്തിക്കുന്നത്. അതുപോലെ പ്രശ്നക്കാരായ ആനകളെ നിരീക്ഷിക്കുന്നതിനുള്ള എസ്.എം.എസ് സംവിധാനം, വോയ്സ് കോൾ, പ്രദർശന ബോർഡുകൾ, ഗൂഗിൾ എർത്ത് മാപ്പിംഗ് തുടങ്ങിയ നൂതന സാങ്കേതികവിദ്യകളുടെ സഹായത്തോടെ പ്രവർത്തിക്കാൻ കഴിയുന്ന സംവിധാനങ്ങളും കേരളത്തിൽ നിലവിലുണ്ട്.

**വനം കയ്യേറ്റത്തിന്റെ കണക്ക്**
**31.03.2016 വരെ**

| സർക്കിൾ | അനധികൃത വനം കയ്യേറ്റം | |
|---|---|---|
| | ഹെക്ടറിൽ | ഏക്കറിൽ |
| സതേൺ സർക്കിൾ (കൊല്ലം) | 18.96 | 46.84 |
| ഹൈറേഞ്ച് സർക്കിൾ (കോട്ടയം) | 1727.20 | 4932.82 |
| സെൻട്രൽ സർക്കിൾ (തൃശൂർ) | 276.33 | 683.46 |
| ഈസ്റ്റേൺ സർക്കിൾ (പാലക്കാട്) | 3819.73 | 9769.13 |
| നോർത്തേൺ സർക്കിൾ (കണ്ണൂർ) | 1760.45 | 5279.29 |
| ഫീൽഡ് ഡയറക്ടർ, കോട്ടയം | 5.4061 | 13.37 |
| വൈൽഡ്ലൈഫ് സർക്കിൾ, പാലക്കാട് | 193.02 | 476.95 |
| **ആകെ** | **7801.10** | **21201.86** |

*അവലംബം: കേരള നിയമസഭാരേഖ, 2017*

**ജനങ്ങളുടെ പ്രതിരോധം**

സംഘർഷം ചെറുക്കുന്നതിനായി സർക്കാർ സംവിധാനങ്ങൾ നടപ്പിലാക്കുന്ന പരിഹാര മാർഗ്ഗങ്ങൾ ശാശ്വതമല്ലാത്തതിനാൽ ജനങ്ങൾ അവരുടേതായ മാർഗ്ഗങ്ങൾ തേടുന്നുണ്ട്. വനത്തിനുള്ളിൽ താമസിക്കുന്ന പല ആദിവാസി സമൂഹങ്ങളെയും സംബന്ധിച്ച് ഇത്തരം രീതികൾ തലമുറകളായി കൈമാറിവന്നതുമാണ്. ചെണ്ടയിൽ കൊട്ടി ശബ്ദമുണ്ടാക്കുക, പടക്കംപൊട്ടിക്കുക, തീയിടുക തുടങ്ങിയ രീതികളാണ് മിക്കയിടങ്ങളിലും ചെയ്തു വരുന്നത്. മരത്തിനു മുകളിൽ ഏറുമാടങ്ങൾ കെട്ടിയും മൃഗങ്ങളുടെ പോക്കുവരവുകൾ നിരീക്ഷിക്കുന്നു. ചിലയിടങ്ങളിൽ സ്വകാര്യവ്യക്തികൾ കൂലിക്ക് കാവൽപ്പടയെ നിർത്തി അവരുടെ കൃഷിസ്ഥലങ്ങൾ വന്യജീവികളിൽ നിന്നും സംരക്ഷിക്കുന്നു. ഇത്തരം സ്ഥലങ്ങളിൽ മാരകശേഷിയുള്ള സ്ഫോടക വസ്തുക്കൾ മൃഗങ്ങളെ വിരട്ടിയോടിക്കുന്നതിന് ഉപയോഗിക്കുന്നതുവഴി പരിഭ്രാന്തരാകുന്ന ജീവികൾ കൂടുതൽ അക്രമങ്ങളിലേക്ക് പോകുന്ന സ്ഥിതിയുമുണ്ട്. വനംവകുപ്പ് നിർമ്മിച്ച, വൈദ്യുതപ്രവാഹം നഷ്ടപ്പെട്ട ഫെൻസിംഗ് കമ്പികളിൽ കാലിക്കുപ്പികൾ കെട്ടിത്തൂക്കിയിടുകയും കൃഷിയിടങ്ങളിലേക്ക് വന്യജീവികൾ കടക്കുമ്പോൾ ഈ കുപ്പികൾ കൂട്ടിമുട്ടിയുണ്ടാകുന്ന ശബ്ദം വഴി മൃഗസാന്നിദ്ധ്യം തിരിച്ചറിഞ്ഞ് അവയെ ഓടിക്കുന്ന വിചിത്രരീതി വരെ അവലംബിക്കപ്പെടുന്നുണ്ട്.

ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ തിരിച്ചറിഞ്ഞ്, പ്രദേശത്തിന് അനുയോജ്യമായ തരത്തിൽ സംഘർഷം ലഘൂകരിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കുന്നതിന് പകരം ഒരേ സ്ഥലത്തുതന്നെ ഒന്ന് പരാജയപ്പെടുമ്പോൾ മറ്റൊന്ന് പരീക്ഷിക്കുന്ന നഷ്ടക്കച്ചവടമാണ് വനം വകുപ്പ് നടത്തുന്നത്. എവിടെ എന്തു സംവിധാനമാണ് ഉപയോഗിക്കേണ്ടതെന്ന് നിർണ്ണയിക്കുന്നതിനുള്ള ഭൗമശാസ്ത്രജ്ഞരോ ജലവിദഗ്ധരോ എൻജിനീയർമാരോ ഉൾപ്പെടുന്ന സമിതികൾ വനംവകുപ്പിനില്ല. പൊതുവായി സംസ്ഥാനത്ത് നടപ്പിലാക്കുന്ന പരിപാടികൾ അന്ധമായി പിന്തുടരുക എന്നത് മാത്രമാണ് വനംവകുപ്പ് ചെയ്യുന്നത്. സംരക്ഷണ ഉദ്യോഗസ്ഥരെ പ്രത്യേകം നിയമിച്ച് കാവൽ നിർത്തിയിട്ടുള്ള സ്ഥലങ്ങളിൽ മാത്രമാണ് ചെറിയതോതിലെങ്കിലും വേലികളും മതിലുകളും നിലനിന്നുപോകുന്നത്. കോടികൾ ചിലവാക്കി നിർമ്മിച്ച വേലികളും മതിലുകളും തകർന്നിട്ടും വനംവകുപ്പ് ഒരു നടപടികളും സ്വീകരിക്കാത്ത സ്ഥലങ്ങളും ഏറെയുണ്ട്. വനംവകുപ്പിന്റെ ഈ കെടുകാര്യസ്ഥത സംഘർഷം തുട

**വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനായി വനം വകുപ്പ് നിയോഗിച്ചിരിക്കുന്ന റാപ്പിഡ് റെസ്പോൺസ് ടീമുകൾ കേരളത്തിൽ പ്രവർത്തിക്കുന്ന സ്ഥലങ്ങൾ**

1. പേപ്പാറ (തിരുവനന്തപുരം), 2. പുനലൂർ (കൊല്ലം), 3. റാന്നി (പത്തനംതിട്ട), 4. മൂന്നാർ (ഇടുക്കി), 5. പീരുമേട് (ഇടുക്കി), 6. മലയാറ്റൂർ (എറണാകുളം), 7. ഒലവക്കോട് (പാലക്കാട്), 8. മണ്ണാർക്കാട് (പാലക്കാട്), 9. നിലമ്പൂർ (മലപ്പുറം), 10. താമരശ്ശേരി (കോഴിക്കാട്), 11. സുൽത്താൻ ബത്തേരി (വയനാട്), 12. തളിപ്പറമ്പ് (കണ്ണൂർ), 13. കൽപ്പറ്റ (വയനാട്), 14. കാസർഗോഡ് *(അവലംബം: കേരള വനംവകുപ്പ്)*

രുന്നതിൽ മുഖ്യകാരണമായിത്തീരുകയും ജനങ്ങൾക്ക് അവരിലുള്ള വിശ്വാസം നഷ്ടപ്പെടുകയും ചെയ്തു. വയനാട്ടിൽ വന്യജീവി ആക്രമണങ്ങളുണ്ടാകുമ്പോഴെല്ലാം നാട്ടുകാർ വനംവകുപ്പിനെതിരെ രംഗത്ത് വരുന്നതിന് പിന്നിലെ ഒരു കാരണം ഈ വിശ്വാസനഷ്ടമാണ്. "വനംവകുപ്പിന്റെ ആനയല്ലേ, അപ്പോൾ വനംവകുപ്പല്ലേ സംരക്ഷിക്കേണ്ടത്....?" എന്ന ചോദ്യമാണ് ഇവിടങ്ങളിലെല്ലാം ഉയരുന്നത്. "കാട്ടിലെ മൃഗം, വനംവകുപ്പിന്റെ ഉത്തരവാദിത്തം" എന്നു ചിന്തിക്കുന്ന തരത്തിൽ നാട്ടുകാരുടെ മനോഭാവം മാറിപ്പോയിരിക്കുന്നതും പ്രശ്ന പരിഹാരത്തിന് വിഘാതമായി നിൽക്കുന്നു. വനംവകുപ്പും പ്രദേശവാസികളും കൈകോർത്തുകൊണ്ടല്ലാതെ പരിഹാരങ്ങൾ മുന്നോട്ടുപോകില്ല എന്നതിനാൽ ഇവർക്കിടയിലുണ്ടായിരിക്കുന്ന ഈ വിടവ് നികത്തപ്പെടേണ്ടതുണ്ട്. ഇതിനിടയിൽ ബോധപൂർവ്വം അകലമുണ്ടാക്കാൻ ശ്രമിക്കുന്ന മാഫിയകളെ തുറന്നുകാണിക്കുകയും വേണം.

### നഷ്ടവും പരിഹാരങ്ങളും

വന്യജീവി ആക്രമണങ്ങൾക്ക് ഇരയാകുന്ന വളർത്തുമൃഗങ്ങൾക്കും മനുഷ്യർക്കും നാശനഷ്ടം സംഭവിക്കുന്ന വസ്തുവകകൾക്കും നഷ്ടപരിഹാരം നൽകുന്ന വനംവകുപ്പിന്റെ നടപടി സ്വാഗതാർഹവും ചിലകാര്യങ്ങളിൽ വിമർശനാത്മകവുമാണ്. ഏതെങ്കിലും ഒരു വന്യജീവിയുടെ ആക്രമണത്തിന് ഇരയായി പരിക്കേൽക്കുകയോ അംഗഭംഗം ഏൽക്കുകയോ കൊലചെയ്യപ്പെടുകയോ ചെയ്യുന്ന വളർത്തുമൃഗങ്ങൾക്കും മനുഷ്യർക്കും നിശ്ചിതഅളവിൽ നഷ്ടപരിഹാരം നൽകാറുണ്ട്. വന്യജീവി ആക്രമണത്തിന് ഇരയായവർക്കുള്ള നഷ്ടപരിഹാരം ആവശ്യപ്പെട്ടുകൊണ്ട് ദിനംപ്രതി നൂറുകണക്കിന് അപേക്ഷകളാണ് വനംവകുപ്പിന് ലഭിക്കുന്നത്. 2010മുതൽ 2017വരെയുള്ള ഏഴുവർഷങ്ങളിൽ വന്യജീവി ആക്രമണം സംബന്ധിച്ച് വനംവകുപ്പിന് ലഭിച്ച 6387 അപേക്ഷകളിൻമേലുള്ള നടപടികൾക്കായി 4,61,22,462 രൂപയാണ് വയനാട് വന്യജീവി സങ്കേതത്തിൽ മാത്രം ചെലവഴിച്ചത്. ഇതേ കാലയളവിൽ മൊത്തം 13 പേരാണ് ഇവിടെ വന്യജീവി ആക്രമണത്താൽ കൊല്ലപ്പെട്ടത്. പ്രധാനമായും ആന, കടുവ, പാമ്പ് എന്നീ ജീവികളുടെ ആക്രമണമാണ് മരണകാരണം. ആനയുടെ ആക്രമണമേറ്റ് കൊല്ലപ്പെടുന്ന ആളുകൾക്ക് മൂന്നു ലക്ഷം രൂപയും കടുവയുടെ ആക്രമണത്തിനിരയായി കൊല്ലപ്പെടുന്നവർക്ക് പത്തുലക്ഷംരൂപയും പാമ്പുകടിയേറ്റ് മരിക്കുന്നവർക്ക് ഒരു ലക്ഷം രൂപയുമാണ് നൽകിവരുന്നത്. നഷ്ടപരിഹാരം കൃത്യമായി നിശ്ചയിക്കാത്തതിന്റെയും ലഭിക്കാത്തതിന്റെയും പ്രശ്നങ്ങൾ കേരളത്തിലെമ്പാടും ജനങ്ങൾ ഉന്നയിക്കുന്നുണ്ട്.

### സ്വയംസന്നദ്ധ പുനരധിവാസ പദ്ധതി

മനുഷ്യ-വന്യജീവി സംഘർഷങ്ങളുമായി ബന്ധപ്പെട്ട് കേരളത്തിൽ ഇപ്പോൾ ആവിഷ്കരിക്കുന്ന ഏറെ ചർച്ചചെയ്യപ്പെടുന്ന ഒരു പദ്ധതിയാണ് സ്വയംസന്നദ്ധ പുനരധിവാസ പദ്ധതി. കേന്ദ്ര സർക്കാരിന്റെ 2007ലെ നാഷണൽ റീഹാബിലിറ്റേഷൻ ആന്റ് റീസെറ്റിൽമെന്റ് പോളിസിയും അതുമായി ബന്ധപ്പെട്ട മാർഗ്ഗനിർദ്ദേശങ്ങളും അനുസരിച്ചാണ് സ്വയംസന്നദ്ധ പുനരധിവാസ പദ്ധതി തയ്യാറാക്കപ്പെട്ടിട്ടുള്ളത്. സ്വമേധയാ മാറിത്താമസിക്കാൻ തയ്യാറുള്ളവരെയാണ് ഈ പദ്ധതി അഭിസംബോധന ചെയ്യുന്നത്. ടൈഗർ റിസർവ്വ്/ വന്യജീവി സങ്കേതങ്ങൾ/ നാഷണൽ പാർക്ക് എന്നിവിടങ്ങളിൽ കടുവ, ആന ഉൾപ്പെടെയുള്ള വന്യജീവികൾക്ക് അനുകൂലമായ ആവാസവ്യവസ്ഥ ഒരുക്കുന്നതിനും കോർ, ക്രിട്ടിക്കൽ ടൈഗർ, വൈൽഡ്‌ലൈഫ് ഹാബിറ്റാറ്റ് എന്നിവടങ്ങളിലുള്ള മനുഷ്യരെ മാറ്റിപ്പാർപ്പിക്കുവാനും മനുഷ്യ-വന്യജീവി സംഘർഷം ഇല്ലാതാക്കാനുമായാണ് ഈ പദ്ധതി ആവിഷ്കരിച്ചിരിക്കുന്നത്. പദ്ധതിപ്രകാരം ആളുകൾക്ക് വനംവകുപ്പിന്റെ മറ്റു പുനരധിവാസ പദ്ധതികൾ സ്വീകരിക്കാതെ ഒരു കുടുംബത്തിന് പത്തുലക്ഷംരൂപ കൈപ്പറ്റി വന്യജീവി/ കടുവാസങ്കേതത്തിൽനിന്ന് ഒഴിഞ്ഞുപോവുകയോ അല്ലെങ്കിൽ പത്തുലക്ഷംരൂപ സ്വീകരിക്കാതെ വനംവകുപ്പ് പുനരധിവസിപ്പിക്കുന്ന സ്ഥലത്തേക്ക് മാറിത്താമസിക്കുകയോ ചെയ്യാവുന്നതാണ്. പതിനെട്ടു വയസ്സിനുമുകളിലുള്ള ആൺകുട്ടികൾ, അവിവാഹിതരായ പെൺകുട്ടികൾ, വിധവയോ വിവാഹമോചിതയോ ആയ സ്ത്രീകൾ, മാനസികവും ശാരീരികവുമായി വൈകല്യമുള്ള പുരുഷനും സ്ത്രീയും, മാതാപിതാക്കളെ നഷ്ടപ്പെട്ട പ്രായപൂർത്തിയാകാത്ത പെൺകുട്ടി എന്നിവരെയാണ് ഒരു കുടുംബമായി (eligible family) പരിഗണിക്കുക. അർഹതപ്പെട്ട കുടുംബങ്ങൾക്ക് ആദ്യഗഡുവായി ആറുലക്ഷം രൂപയും അടുത്തഗഡുവായി നാലു

ലക്ഷം രൂപയും നൽകും. ഈ പദ്ധതി പ്രകാരം വയനാട് വന്യജീവിസങ്കേതത്തിനകത്തെ മുഴുവൻ മനുഷ്യവാസകേന്ദ്രങ്ങളെയും പുനഃസ്ഥാപിക്കാനുള്ള ശ്രമം നടന്നു വരികയാണ്. പദ്ധതിയുടെ ആദ്യഘട്ടത്തിൽ വെറും പതിനാല് സെറ്റിൽമെന്റുകളെയാണ് ലക്ഷ്യം വയ്ക്കുന്നത്. ഇതുപ്രകാരം 800 കുടുംബങ്ങളെയാണ് ഇവിടെ നിന്നും മാറ്റിത്താമസിപ്പിക്കാൻ പോകുന്നത്. കുറിച്യാട് റെയ്ഞ്ചിലെ കുറിച്യാട്, അമ്മവയൽ, ഗോളൂർ എന്നിവിടങ്ങളിലാണ് മാറിത്താമസിപ്പിക്കൽ പദ്ധതി മുഖ്യമായും നടക്കുന്നത്. എന്നാൽ ഈ പദ്ധതി നിരവധി സാമൂഹിക, സാംസ്കാരിക പ്രശ്നങ്ങൾ കൂടി സൃഷ്ടിക്കുന്നുണ്ട്. വനങ്ങളിൽ വർഷങ്ങളായി താമസിക്കുകയും വനാവാസവ്യവസ്ഥയോട് ഇഴുകിച്ചേർന്ന് ജീവിച്ച് ഉപജീവനമാർഗ്ഗങ്ങൾ കണ്ടെത്തുകയും ചെയ്യുന്ന ഗോത്രസമൂഹങ്ങളെ വനത്തിൽ നിന്നും മാറ്റിപ്പാർപ്പിക്കുക എന്നതിലെ നീതിനിഷേധമാണ് ഈ പദ്ധതിക്കെതിരായ പ്രധാന വിമർശനം. കൂടാതെ, ആദിവാസി സമൂഹത്തിന് അവർ താമസിക്കുന്ന വനപ്രദേശത്തിനും വനവിഭവങ്ങൾക്കും മേൽ അവകാശവും അധികാരവും നൽകുന്ന കേന്ദ്ര വനാവകാശ നിയമം 2005ൽ നിലവിൽ വരുകയും ചെയ്തിട്ടുണ്ട്. ഈ നിയമം നിലവിലുള്ളതിനാൽ തന്നെ ആദിവാസി സമൂഹങ്ങളെ വനത്തിൽ നിന്നും പുറത്താക്കുന്ന തരത്തിലുള്ള ഏത് നീക്കവും നിയമവിരുദ്ധമായി മാറും. വയനാട്ടിൽ തന്നെ ഈ പദ്ധതി നടപ്പിലാക്കുന്ന സ്ഥലങ്ങളിലുള്ള പല ആദിവാസി സമൂഹങ്ങളും വനത്തിൽ നിന്നും ഒഴിഞ്ഞുപോകാൻ തയ്യാറല്ല എന്നത് പ്രശ്നത്തിന്റെ ഗൗരവം വ്യക്തമാക്കുന്നു. അതുകൊണ്ടുതന്നെ മനുഷ്യ-വന്യജീവി സംഘർഷങ്ങളുടെ പേരിൽ ഏകപക്ഷീയമായി നടപ്പിലാക്കുന്നതിന് പകരം കൂടുതൽ സംവാദങ്ങൾ ഇക്കാര്യത്തിൽ നടത്താനാണ് ഇപ്പോൾ ശ്രമിക്കേണ്ടത്.

### കാടിന്റെ അവകാശം ആർക്ക്?

കന്മതിലോ കമ്പിവേലിയോ കാവൽസേനയോ കുങ്കികളോ നടത്തുന്ന ശ്രമങ്ങൾ ഫലപ്രദമാകുമോ എന്നതിൽ കൃത്യമായ ഒരു വിലയിരുത്തൽ നടത്താൻ കഴിയാത്ത സ്ഥിതിയിൽ എത്തിനിൽക്കുകയാണ് കേരളം. സംഘർഷം കുറയുന്നതായ വാർത്തകളല്ല വന്നുകൊണ്ടിരിക്കുന്നത് എന്നത് ആശങ്ക വർദ്ധിപ്പിക്കുന്നുമുണ്ട്. തദ്ദേശീയ ജനങ്ങളുടെ പൂർണ്ണമായ പങ്കാളിത്തം ഉറപ്പുവരുത്തിക്കൊണ്ടായിരിക്കണം ഏത് പദ്ധതിയും ആവിഷ്കരിക്കേണ്ടത്. മനുഷ്യവാസ കേന്ദ്രങ്ങളിൽനിന്നും മൃഗങ്ങളെ ഓടിച്ചുവിടുക എന്ന 'ഒറ്റത്തവണത്തീർപ്പാക്കൽ' നയങ്ങൾക്കുപകരം മൃഗപക്ഷങ്ങളെക്കൂടി തിരിച്ചറിഞ്ഞുകൊണ്ട്, അവരുടെ ആവാസവ്യവസ്ഥകളെക്കൂടി പരിഗണിക്കുന്ന പദ്ധതികളാണ് നാം ആസൂത്രണം ചെയ്യേണ്ടത്. കൃഷി വകുപ്പ്, തദ്ദേശസ്വയംഭരണ വകുപ്പ്, റവന്യൂ വകുപ്പ് തുടങ്ങിയ സർക്കാർ സംവിധാനങ്ങളുടെ ഏകോപിതമായ പ്രവർത്തനംകൂടി ഇക്കാര്യത്തിൽ അനിവാര്യമായിരിക്കുന്നു. ആത്യന്തികമായി, കാടിന്റെ അവകാശം ആർക്കാണ് എന്ന ചോദ്യമാണ് ഇവിടെ മുന്നോട്ടുവയ്ക്കേണ്ടത്. മൃഗങ്ങൾക്ക് അത് നിശ്ചയിക്കാൻ കഴിയാത്തതിനാൽ മനുഷ്യർ തന്നെ അക്കാര്യത്തിൽ ഒരുത്തരം കണ്ടെത്തുകയാണ് നല്ലത്. മനുഷ്യൻ നിർണ്ണയിക്കുന്ന കാടതിരുകൾക്കുമപ്പുറം വന്യജീവികൾ ജൈവികമായി തീർത്ത ഒരു അതിരുണ്ടെന്നും ആ അതിരുകൾക്കുള്ളിൽ കടന്നാൽ പലതും നേരിടേണ്ടിവരുമെന്നുമാണ് മനുഷ്യ-വന്യജീവി സംഘർഷം ഓർമ്മിപ്പിക്കുന്നത്.

### റഫറൻസുകൾ

1. മോഹൻ സി. മനില, *മാധവ് ഗാഡ്ഗിലും പശ്ചിമഘട്ടസംരക്ഷണവും*, 2014, മാതൃഭൂമി ബുക്സ്, പേജ്: 111 - 133. 2. ജോണി ഒ.കെ., *വയനാട് രേഖകൾ*, 2001, മാതൃഭൂമി ബുക്സ്, പേജ്: 126-128, 163, 175, 179, 199, 205-208. 3. കരുണാകരൻ സി.കെ., *കേരളത്തിലെ വനങ്ങൾ നൂറ്റാണ്ടുകളിലൂടെ രണ്ടാംഭാഗം*, 1995, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, പേജ്: 3-11, 31-33, 109-111, 162. 4. ചന്ദ്രൻ, സതീഷ് എസ്., *'ആ അതിർത്തി കാടു വരച്ചതല്ല'*, 2013, മാതൃഭൂമി ആഴ്ചപ്പതിപ്പ്. 5. ചന്ദ്രൻ, സതീഷ് എസ്., *'മനുഷ്യന്റെ ഏറ്റവും വലിയ ഹിംസയാണ് കാട്ടുതീ'*, 2014 ഏപ്രിൽ 20, മാതൃഭൂമി ആഴ്ചപ്പതിപ്പ്. 6. നസീർ എൻ.എ., *'ഈ ചാരം മുഴുവൻ ജീവനുകളായിരുന്നു'*, 2014 ഏപ്രിൽ 20, മാതൃഭൂമി ആഴ്ചപ്പതിപ്പ്. 7. അരുൺ പി.എ., *'വയനാട്ടിൽനിന്നും കടുവയ്ക്കു വേണ്ടി'*, 2013 മാർച്ച്, കേരളീയം മാസിക. 8. നായർ സതീശൻ കെ.ആർ., *'കാടിറങ്ങുന്നവരും കാടു കയറുന്നവരും'* 2016 ഡിസംബർ 26, മലയാളം വാരിക. 9. ദേവ് വനു, *'Killer Highway: Wildlife death toll on Karnataka's Bandipura National Park near a century'* 2012 മെയ് എട്ട്, മെയിൽ ഓൺലൈൻ. 10. ബിസ്റ്റ് എസ്.എസ്., Man - Elephant Conflict: Causes and Control measures, 2000. 11. ഡോ. ഈസ പി.എസ്., Project Elephant, Management plan for elephant reserves in Kerala, 1994, കേരള ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, പീച്ചി, കേരള. 12. ഫ്രാൻസിസ് ഡബ്ള്യു, The Nilgiris, Madras district gazetters, 1994, ഏഷ്യൻ എജ്യൂക്കേഷണൽ സർവ്വീസസ്, ന്യൂഡൽഹി. 13. സുകുമാർ ആർ., Wildlife - Human conflict in India, an ecological and social perspective, 1994. 14. ഡോ. ശങ്കർ എസ്., ഡോ. ഈസ പി.എസ്., Study on man - wildlife interaction in Wayanad wildlife sanctury, Kerala, 2001, കേരള ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, പീച്ചി, കേരള. 15. സ്വയംസന്നദ്ധ പുനരധിവാസ പദ്ധതി, വയനാട് വന്യജീവി സങ്കേതം, 2016 നവംബർ 31. ■